സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 13.12.2023

നമ്പർ. EG3/33391/15/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനം നൽകുന്നതിന് യോഗ്യരായ ക്ലാസ്സ് IV ജീവനക്കാരുടെയും സബോഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടെയും സംസ്ഥാനതല താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് -പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. 30.11.2016 ലെ ഇതേ നമ്പർ സർക്കുലർ
2. സ.ഉ.(പി) നം. 1/2014/ഉ.ഭ.പ.വ. തീയതി 03/01/2014.
3. സ.ഉ.(പി) നം. 21/2014/ഉ.ഭ.പ.വ. തീയതി 19/07/2014.
4. സ.ഉ.(പി) നം. 16/2015/ഉ.ഭ.പ.വ. തീയതി 28/05/2015.

സൂചനയിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് യോഗ്യരായ ക്ലാസ് ഫോർ ജീവനക്കാരെയും സബോഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്നവിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാനതല താത്കാലിക സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത തൽക്കാലിക സീനിയോറിറ്റി ലിസ്റ്റിനെതിരെ ശ്രീമതി.സോണി.എം.ജെ ബഹു.അഡ്മിനിസ്ട്രേടിവ് ട്രിബൂണൽ മുൻപാകെ ഫയൽ ചെയ്തിരുന്ന OA(Ekm) No.2033/2016 മേൽ 25.10.2023 ൽ പുറപ്പെടുവിച്ച അന്തിമ വിധി അനുസരിച്ച് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്ക് നിയമനം നൽകുന്നതിനായി നീക്കിവച്ചിട്ടുള്ള എൽ ഡി ക്ലാർക്ക്, എൽ ഡി ടൈപ്പിസ്റ്റ് തുടങ്ങിയ തസ്തികയിലെ 10% ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി ജില്ലാ തലത്തിൽ അംഗബലം കണക്കാക്കാൻ കഴിയാത്ത വകുപ്പുകളിൽ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാരുടെ സംസ്ഥാന തല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്താൻ അനുവദിച്ചുകൊണ്ടുള്ള 28/05/2015 ലെ സ.ഉ.(പി) നം. 15/2015/ഉ.ഭ.പ.വ. സർക്കാർ ഉത്തരവ് ശരിവച്ചുകൊണ്ട് ശ്രീമതി.സോണി.എം.ജെ ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നതല്ലായെന്ന് ബഹു.കോടതി വിധി പ്രസ്താവിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച ഈ വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ സംസ്ഥാന തല താത്കാലിക സംയോജിത സീനിയോറിറ്റി ലിസ്റ്റ് 30.11.2023 വരെ സർവീസിൽ പ്രവേശിച്ചവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.ആയതിനാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്തതും 30.11.2023 വരെ സേവനത്തിൽ പ്രവേശിച്ചവരുമായ ജീവനക്കാർ ഇതോടൊപ്പമുള്ള മാതൃകയിൽ വിവരങ്ങൾ പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം സ്ഥാപനമേധാവി മുഖാന്തിരം ഈ സർക്കുലർ പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം ഈ ഓഫീസിൽ എത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ഈ സർക്കുലർ ബന്ധപ്പെട്ട തസ്തികയിൽ ജോലിനോക്കുന്ന എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തി ജീവനക്കാർ തയ്യാറാക്കി സമർപ്പിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി മേൽപ്പറഞ്ഞ സമയക്ലിപ്തത പാലിച്ച് ഈ ഓഫീസിൽ എത്തിക്കുവാൻ എല്ലാ സ്ഥാപന മേധാവികളോടും നിർദ്ദേശിക്കുന്നു.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്
1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്, EA & ED സെക്ഷനുകൾ.
3. ഓഫീസ് കോപ്പി.

സൂപ്രണ്ട്

Approval Valid

Draft #10 of File EG3/33391/15/DTE Approved by Senior Administrative Officer on 13-Dec-2023 01:31 PM - Page 1

Digitally Approved By
സുനിൽ കുമാർ സി വി
Date: 13.12.2023
Reason: Approved

Draft #10 of File EG3/33391/15/DTE Approved by Senior Administrative Officer on 13-Dec-2023 01:31 PM - Page 2

The document is digitally approved. Hence signature is not needed.

ജീവനക്കാരുടെ വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള മാതൃക

| | | |
|---|---|---|
| 1 | ജീവനക്കാരൻറെ പേര് | |
| 2 | നിലവിൽ സേവനമനുഷ്ഠിക്കുന്ന തസ്തിക | |
| 3 | ജനനതീയതി | |
| 4 | വിദ്യാഭ്യാസ യോഗ്യത | |
| 5 | നിലവിലെ തസ്തികയിൽ നിയമനം ലഭിച്ച രീതി | |
| 6 | പി എസ് സി യിൽ നിന്നുള്ള നിയമന ശുപാർശയുടെ നമ്പരും തീയതിയും (പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 7 | നിയമന ഉത്തരവിൻറെ നമ്പരും തീയതിയും (പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 8 | നിലവിലെ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി | |
| 9 | നിരീക്ഷണ കാലം പൂർത്തിയാക്കിയ തീയതിയും ഉത്തരവിൻറെ നമ്പരും തീയതിയും | |
| 10 | പത്താം തരം / പത്താം തരം തുല്യതാ പരീക്ഷ വിജയിച്ച വർഷവും മാസവും (സർട്ടിഫിക്കറ്റിൻറെ പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 11. | സാങ്കേതിക യോഗ്യത നേടിയ മാസവും വർഷവും (സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുക) | |

സ്ഥലം:

തീയതി:

അപേക്ഷകൻറെ / പരാതിക്കാരന്റെ ഒപ്പും പേരും

സാക്ഷ്യപത്രം

മേൽപ്പറഞ്ഞ വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി പരിശോധിച്ച് ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി:

സ്ഥാപന മേധാവിയുടെ പേരും ഒപ്പും മുദ്രയും

Draft #10 of File EG3/33391/15/DTE Approved by Senior Administrative Officer on 13-Dec-2023 01:31 PM - Page 3